# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## സിവിൽ പോലീസ് ഓഫീസറുടെ കരയോഗ ഭാരവാഹിത്വം അവസാനിപ്പിക്കാൻ നടപടി

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :5697** **29/07/2015-ൽ മറുപടിക്ക്**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

| | | |
| --- | --- | --- |
| (എ) | കേരള പോലീസ് അസോസിയേഷൻ ജനറൽ സെക്രട്ടറിയും തിരുവനന്തപുരം സിറ്റി ട്രാഫിക് പോലീസ് സ്റ്റേഷനിലെ സിവിൽ പോലീസ് ഓഫീസറുമായ ശ്രീ.ജി.ആർ.അജിത് (സി.പി.ഒ 4324) തിരുവനന്തപുരം കവടിയാർ 27493—ാം നമ്പർ കരയോഗത്തിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) എൻ.എസ്.എസ് കരയോഗത്തിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ഇതു സംബന്ധിച്ച് തിരുവനന്തപുരം ജില്ലാ പോലീസ് മേധാവി തന്റെ അന്വേഷണത്തിൽ ശ്രീ.ജി.ആർ.-അജിത്തിന്റെ പ്രവൃത്തി ഗുരുതരമായ കൃത്യവിലോപവും തികഞ്ഞ അച്ചടക്കലംഘനവും ആണെന്ന് കണ്ടെത്തിയിട്ടുണ്ടോ; 2015 മാർച്ച് 21—ാം തീയതിയിലെ ഉത്തരവ് നമ്പർ എച്ച്2/22150/2015 റ്റി.ഡി യുടെ പകർപ്പ് നൽകാമോ; | (ബി) കണ്ടെത്തിയിട്ടുണ്ട്. 21.03.2015-ലെ തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിയുടെ എച്ച്2/22150/ 2015 റ്റി.സി നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം - I ആയി ചേർത്തിരിക്കുന്നു. |
| (സി) | തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിയുടെ 24.04.2015-ലെ എച്ച്2/22150/2015/റ്റി.ഡി ഉത്തരവ് പ്രകാരം ശ്രീ.ജി.ആർ.അജിത്തിനോട് അടിയന്തിരമായി കരയോഗം സെക്രട്ടറി സ്ഥാനം രാജി വെക്കാൻ ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) കരയോഗം സെക്രട്ടറി സ്ഥാനം രാജിവയ്ക്കാൻ ശ്രീ.ജി.ആർ.അജിത്തിനോട് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ പകർപ്പ് അനുബന്ധം-II ആയി ചേർത്തിരിക്കുന്നു. |

| | | |
|---|---|---|
| (ഡി) | ശ്രീ.ജി.ആർ.അജിത് ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് പാലിച്ചിട്ടില്ലെങ്കിൽ അദ്ദേഹത്തിനെതിരെ കടുത്ത അച്ചടക്ക ലംഘനത്തിന് നടപടി സ്വീകരിച്ചോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ; | (ഡി) ശ്രീ.ജി.ആർ. അജിത് തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് പാലിച്ചിട്ടുണ്ട്. |
| (ഇ) | ശ്രീ.ജി.ആർ.അജിത്തിനെതിരെ മാതൃകാപരമായ അച്ചടക്ക നടപടി സ്വീകരിക്കാൻ തയ്യാറാകുമോ? | (ഇ) ശ്രീ.ജി.ആർ.അജിത്തിനെതിരെ ഒരു വാച്യാന്വേഷണത്തിന് തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവി ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം – I

തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവിയുടെ നടപടിക്രമം

പ്രസാധകൻ: എച്ച്. വെങ്കടേഷ് ഐ പി എസ്

വിഷയം:- ശ്രീ. അജിത്, സിപിഒ റ്റി 4324 നെതിരായ അച്ചടക്കനടപടി - വാചകീയാന്വേഷണം ഉത്തരവാകുന്നത് സംബന്ധിച്ച്.

വായന:- പോലീസ് ആസ്ഥാനത്തെ നം: റ്റി8/101163/14/വിഎച്ച്ക്യു പ്രകാരമുള്ള 20.3.15 തീയതിയിലെ കത്തും അനുബന്ധ രേഖകളും.

ഉത്തരവ് നമ്പർ. എച്ച്2/22150/2015 റ്റിസി തീയതി: 21 /3/2015

തിരു: സിറ്റി ട്രാഫിക് പോലീസ് സ്റ്റേഷനിൽ ജോലി നോക്കി വരുന്ന ശ്രീ. അജിത്, സിപിഒ റ്റി 4324, കേരളാ പോലീസ് ആക്ട്, കേരളാ ഗവൺമെന്റ് സർവെന്റ്സ് കൺഡക്ട് റൂൾസ് എന്നിവയ്ക്ക് വിരുദ്ധമായി 2011 മുതൽ കവടിയാർ, ശ്രീകൃഷ്ണവിലാസം എൻ എസ് എസ് കരയോഗം നമ്പർ 2793 ന്റെ സെക്രട്ടറിയായി ചുമതല വഹിച്ചു വരികയാണെന്ന് മേൽ വായന പ്രകാരമുള്ള റിപ്പോർട്ടിൽ നിന്നും വ്യക്തമാണ്.

ശ്രീ. അജിത്, സിപിഒ റ്റി 4324 ന്റെ മേൽ വിവരിച്ച പ്രവൃത്തി ഗുരുതരമായ കൃത്യവിലോപവും തികഞ്ഞ അച്ചടക്ക ലംഘനവും നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധവുമാണെന്ന് പ്രഥമദൃഷ്ട്യാ ബോദ്ധ്യമാകുകയാൽ ടിയാനെതിരെ കെ പി ഡി ഐ പി & എ റൂൾസിലെ റൂൾ 8(1) (111) പ്രകാരം നേമം പോലീസ് ഇൻസ്പെക്ടർ അന്വേഷണ ഉദ്യോഗസ്ഥനായി ഒരു വാചകീയാന്വേഷണത്തിന് ഇതിനാൽ ഉത്തരവാകുന്നു.

അന്വേഷണ ഉദ്യോഗസ്ഥൻ രണ്ടു മാസത്തിനുള്ളിൽ പി ആർ മിനിറ്റ്സ് സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)

തിരു: സിറ്റി ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ്: ശ്രീ. അജിത്, സിപിഒ റ്റി 4324

പകർപ്പ്: എസ് എച്ച് ഒ, ട്രാഫിക് മുഖേന 2 പകർപ്പ് അയയ്ക്കുന്നു. ഒരു പകർപ്പ് സ്വീകർത്താവിന് നൽകി ടിയാന്റെ ഒപ്പും തീയതിയും സഹിതം മറ്റേ പകർപ്പ് മടക്കി സമർപ്പിക്കേണ്ടതാണ്.

നേമം പോലീസ് ഇൻസ്പെക്ടർക്ക് (ആവശ്യമായ രേഖകൾ സഹിതം)

സംസ്ഥാന പോലീസ് മേധാവി (ആമുഖ കത്ത് സഹിതം)

" എ1/എ4/എ13/എഫ് 6 സെക്ഷനുകൾക്ക്

" ഫയൽ

//അംഗീകാരത്തോടെ//

ജൂനിയർ സൂപ്രണ്ട്

21/3/15

അനുബന്ധം - II

നമ്പർ. എച്ച് 2/22150/2015 റ്റി സി
ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം,
തിരുവനന്തപുരം സിറ്റി
തീയതി: /04/2015

## നോട്ടീസ്

തിരുവനന്തപുരം സിറ്റി ട്രാഫിക് പോലീസ് സ്റ്റേഷനിൽ ജോലി നോക്കി വരുന്ന ശ്രീ. അജിത്, സി.പി.ഒ.റ്റി 4324-നെ ബോധ്യപ്പെടുത്തുന്നത്.

ശ്രീ. അജിത്, സി.പി.ഒ.റ്റി 4324 എന്ന താങ്കൾ കേരള പോലീസ് ആക്ട്, കേരള ഗവൺമെന്റ് സർവെന്റ്സ് കണ്ടക്ട് റൂൾസ് എന്നിവയ്ക്കു വിരുദ്ധമായി 2011 മുതൽ കവടിയാർ ശ്രീകൃഷ്ണവിലാസം എൻ.എസ്.എസ് കരയോഗം നമ്പർ 2793-ന്റെ സെക്രട്ടറിയായി ചുമതല വഹിച്ചുവരികയാണെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താങ്കൾക്കെതിരെ ഒരു പ്രാഥമികാന്വേഷണത്തിന് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ താങ്കൾ ഇതുവരെ ടി കരയോഗത്തിന്റെ ഭാരവാഹിത്വം ഒഴിഞ്ഞിട്ടില്ലാത്തതാണ്. ആയതിനാൽ താങ്കൾ അടിയന്തിരമായി ശ്രീകൃഷ്ണവിലാസം എൻ.എസ്.എസ് കരയോഗം നമ്പർ 2793-ന്റെ സെക്രട്ടറി സ്ഥാനം രാജി വയ്ക്കേണ്ടതാണ്.

ജില്ലാപോലീസ് മേധാവി
തിരുവനന്തപുരം സിറ്റി

പകർപ്പ് : എസ്.എച്ച്.ഒ, ട്രാഫിക് മുഖേന രണ്ട് പകർപ്പ് അയയ്ക്കുന്നു. ഒരു പകർപ്പ് ശ്രീ. അജിത്, സി.പി.ഒ.റ്റി 4324 -നു നൽകി ടിയാന്റെ ഒപ്പും തീയതിയും സഹിതം മറ്റേ പകർപ്പ് മടക്കി സമർപ്പിക്കേണ്ടതാണ്.

എം.എസ്. 24/04/15